സ്വാമിശരണം

# തിരുവിതാംകൂർ ദേവസ്വം ബോർഡ്
# ദർഘാസ് പരസ്യം

തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ തിരുവാഭരണം കമ്മീഷണർ ആഫീസിൽ നിന്നും പരസ്യം ചെയ്യുന്നതെന്തന്നാൽ,

തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ അധീനതയിൽപെട്ട കൊട്ടാരക്കര ഗ്രൂപ്പിൽപ്പെട്ട പി.ഡി.പട്ടാഴി ക്ഷേത്രത്തിൽ നടവരവായി എത്തിയിട്ടുള്ള ഓട്ടുവകകൾ വിൽക്കുന്നതിലേയ്ക്ക് പരിചയസമ്പന്നരായ വ്യാപാരികളിൽ നിന്നും മത്സര സ്വഭാവമുള്ള മുദ്രവച്ച ക്വട്ടേഷനുകൾ ക്ഷണിച്ചുകൊള്ളുന്നു. ക്വട്ടേഷൻ സ്വീകരിക്കുന്ന അവസാന തീയതി 25.05.2016 2.pm.ടെൻഡർ സംബന്ധിച്ച കുടുതൽ വിവരങ്ങൾ പ്രവർത്തി ദിവസങ്ങളിൽ ആഫീസ് സമയത്ത് ഈ ആഫീസിൽ നിന്നോ ദേവസ്വം ബോർഡ് wwwtravancoredevaswom board.org എന്ന വെബ് സൈറ്റിൽ നിന്നോ അറിയാവുന്നതാണ്.

| ലേല വിവരം | വില കി.ഗ്രാമിന് 360/- രുപ | ആകെ വില | നിരതദ്രവ്യം |
|---|---|---|---|
| കൊട്ടാരക്കര ഗ്രൂപ്പിൽപ്പെട്ട പി.ഡി.പട്ടാഴി ക്ഷേത്രത്തിലെ നടവരവായിവന്നിട്ടുള്ള 15000 കി.ഗ്രാം ഓട്ടുവകകൾ വിൽക്കുന്നത് സംബന്ധിച്ച് | Rs.54,00,000/- | Rs.54,00,000+ വാറ്റ് 5 % | Rs. 2,70,000/- |

ദർഘാസിനോടൊപ്പം നിരതദ്രവ്യം തിരുവാഭരണം കമ്മീഷണറുടെ പേരിൽ ധനലക്ഷ്മി ബാങ്കിന്റെ പത്തനംതിട്ട ബ്രാഞ്ചിൽ മാറത്തക്കവിധമുള്ള ഡിമാന്റ് ഡ്രാഫ്റ്റ് ഹാജരാക്കേണ്ടതാണ്. നിരതദ്രവ്യം ഹാജരാക്കാതെ സമർപ്പിക്കുന്ന ദർഘാസുകൾ യാതൊരു കാരണവശാലും സ്വീകരിക്കുന്നതല്ല. അതാതു സ്ഥാപനങ്ങളുടെ ലെറ്റർ ഹെഡിൽ വേണം ദർഘാസുകൾ ഹാജരാക്കേണ്ടത്. ദർഘാസുകൾ 25.05.2016 ഉച്ചയ്ക്കു 2 മണി വരെ തിരുവാഭരണം കമ്മീഷണറുടെ ആറന്മുളയിലുള്ള കാര്യാലയത്തിൽ സ്വീകരിക്കുന്നതും, അന്നേ ദിവസം പകൽ 2.30 pm ന് സന്നിഹിതരായിരിക്കുന്നവരുടെ സാന്നിദ്ധ്യത്തിൽ പൊട്ടിച്ചു പരിശോധിക്കുന്നതും,ടെൻഡർ സമർപ്പിച്ചിട്ടുള്ള ഏറ്റവും കുടുതൽ തുക കോട്ടു ചെയ്തിട്ടുള്ള ആളുടെ പേർക്ക് കരാർ ഉറപ്പിക്കുന്നതിലേക്കായി ദേവസ്വം ബോർഡ് ആഫീസിലേക്ക് ശുപാർശ അയക്കുന്നതുമാണ്. ദേവസ്വം ബോർഡിൽ നിന്നും കരാർ അനുവദിയ്ക്കുന്ന മുറയ്ക്ക് കരാർകാരന് നോട്ടീസ് നൽകുന്നതും ആയത് ലഭിക്കുന്ന മുറയ്ക്ക് ഈ ആഫീസിൽ ഹാജരായി എഗ്രിമെന്റ് വെച്ച് തിരുവാഭരണം കമ്മീഷണറുടെ മേൽനോട്ടത്തിൽ ടി ദേവസ്വത്തിൽ നിന്നും ഓട്ടുവകകൾ തൂക്കം തിട്ടപ്പെടുത്തി ആയതിന്റെ വില ഒന്നായി അടച്ചതിന് ശേഷം സാധനങ്ങൾ 15 ദിവസത്തിനകം നീക്കം ചെയ്യേണ്ടതാണ്. ദർഘാസുകൾ സ്വീകരിക്കുന്നതിനും യാതൊരു കാരണവും കൂടാതെ നിരാകരിക്കുന്നതിനും ഇത് സംബന്ധിച്ചുള്ള അന്തിമ തീരുമാനം കൈകൊള്ളുന്നതിനുമുള്ള പരിപൂർണ്ണ അധികാരം തിരുവിതാംകൂർ ദേവസ്വം ബോർഡിൽ നിക്ഷിപ്തമായിരിക്കുന്നതാണ്. ഈ കരാറിന് എന്തെങ്കിലും വിധത്തിലുള്ള മറ്റു നികുതികൾ സർക്കാരിലേക്ക് അടയ്ക്കേണ്ടി വന്നാൽ കരാറുകാരൻ ആയത് അടയ്ക്കേണ്ടതാണ്. കുടുതൽ വിവരങ്ങൾ ഈ ആഫീസിൽ നിന്നോ, കൊട്ടാരക്കര അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ ആഫീസിൽ നിന്നോ പ്രവർത്തി ദിവസങ്ങളിൽ അറിയാവുന്നതാണ്.കുടാതെ wwwtravancoredevaswomboard.org – എന്ന വെബ് സൈറ്റിൽ നിന്നോ അറിയാവുന്നതാണ്.

ഫോൺ നമ്പറുകൾ ചുവടെ ചേർക്കുന്നു.

തിരുവാഭരണം കമ്മീഷണർ ആഫീസ്, ആറന്മുള 0468 -2261207

ആർ.ഒ.സി.63/15/റ്റി.എം

തിരുവിതാംകൂർ ദേവസ്വം ബോർഡിന് വേണ്ടി

ആറന്മുള

(ഒപ്പ്)

6.05.2016

പി.ആർ.അനിത